അധമരായ മന്ത്രിമാരെയും മറ്റും സംരക്ഷിക്കുന്നത് പോലീസുകാരുടെ പണിയല്ല. *പോലീസുകാരെയും, അവരുടെ കുടുംബങ്ങളെയും ഊട്ടുന്ന ജനങ്ങൾക്കെല്ലാം വേണ്ടി ജീവത്യാഗത്തിനു പോലും തയ്യാറാവേണ്ടവരാണ് പോലീസുകാർ.* ജനങ്ങളുടെ ദാസന്മാർ മാത്രമായ *മന്ത്രിമാരും മറ്റും സ്ഥാനങ്ങളും ധർമ്മങ്ങളും മറന്നും തെറ്റിച്ചും പ്രവർത്തിക്കുന്നത് അവരുടെ കാര്യം.* ഓരോരോ കാലഘട്ടത്തിലും ഭരണാധികാരികളായിട്ടു വരുന്നവർ തങ്ങൾക്ക് തോന്നുമ്പോലെയെല്ലാം നിയമങ്ങളെ തട്ടിക്കൂട്ടുകയും ജനസേവനം എന്ന കള്ളപ്പേരിൽ ധർമ്മ ശാസ്ത്രത്തെ അറിയാതെയും അറിയാൻ ശ്രമിക്കാതെയും ജനദ്രോഹപരങ്ങളായ നടപടികൾക്ക് തയ്യാറാകുമ്പോൾ, *നിസ്സഹകരിക്കുകയും എതിർക്കുകയും; ധർമ്മശാസ്ത്രപരമായിട്ട് മാത്രം പ്രവർത്തിക്കുകയും ചെയ്യേണ്ടുന്നത് പോലീസുകാരുടെയും പട്ടാളക്കാരുടെയും സർക്കാർ-ജീവനക്കാരുടെയും കാര്യമാണ്; ചുമതലയാണ്.* ഊട്ടുന്ന ജനങ്ങളെ സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യുവാൻ *ബാദ്ധ്യസ്ഥരായ* പോലീസ് സേന, അധമരായ ഭരണാധികാരികൾക്കു വേണ്ടി ഊട്ടുന്ന ജനങ്ങളെ മർദ്ദിക്കാനും വേദനിപ്പിക്കാനും തയ്യാറാകുമ്പോൾ *ഒരു കാര്യവുമില്ലാതെ കടുത്ത പാപവും ദൈവശിക്ഷകളും വാരിക്കൂട്ടുകയാണ്.*

ഹെൽമെറ്റ് പിടിത്തംപോലുള്ള *അധമ-നീച കോപ്രായങ്ങളെ 'തൊഴിൽ' എന്ന് പേരുപറയുന്നതിനുപോലും ദൈവശിക്ഷ ഉണ്ടെന്നും* അറിഞ്ഞുകൊള്ളണം. എന്തെന്നാൽ, മോഷണം,

